"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല -നാദാപുരം ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചുമാറ്റി പുതിയ കെട്ടിട നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്ന് വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2032/2024/LSGD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. 16.02.2024 ലെ കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നുള്ള KURDFC/LB/735/2023 നമ്പർ സമ്മതപത്രം
3. 29/04/2024 തീയതിയിൽ നടന്ന നാദാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2(1)/2024 നമ്പർ തീരുമാനം.
4. നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/06/2024 ലെ എസ്.സി3.5432/2023 നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2024 ലെ No.LSGD/PD/25691/2024-CSSA4 നമ്പർ കത്ത്
6. 08/08/2024 തീയതിയിൽ നടന്ന നാദാപുരം ഗ്രാമപഞ്ചായത്ത് അടിയന്തര യോഗത്തിലെ 52(1)/2024 ഭരണസമിതി തീരുമാനം.
7. 19.08.2024ൽ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച എസ്.സി3.5432/2023 നമ്പർ സാക്ഷ്യപത്രം
8. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 31.08.2024 ലെ No.LSGD/PD/25691/2024-CSSA4 നമ്പർ കത്ത്

**ഉത്തരവ്**

നാദാപുരം ഗ്രാമപഞ്ചായത്തിലെ നിലവിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായതിനാൽ പൊളിച്ചുമാറ്റി കെ.യു.ആർ ഡി.എഫ് സിയിൽ നിന്ന് വായ്പയെടുത്ത് ULCCS ന് നിർവ്വഹണചുമതല നൽകി പുതിയ കെട്ടിടം നിർമിക്കുന്നതിന് പരാമർശം (4) പ്രകാരം നാദാപുരം സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തിരുമാനമെടുത്തിട്ടുണ്ടെന്നും **കെട്ടിടവും ബസ്ബേയുമടക്കം** നിർമ്മിക്കുന്നതിന് 14 കോടി രൂപ ആവശ്യമുള്ളതിൽ 1 കോടി രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണെന്നും ബാക്കി 13 കോടി രൂപ കെ.യു.ആർ.ഡി.എഫ്സി-യിൽ നിന്ന് വായ്പടുക്കുന്നതിന് പരാമർശം (2) പ്രകാരം സമ്മതപത്രവും

ഹാജരാക്കിയിട്ടുണ്ട്. പരാമർശം (1) പ്രകാരം വായ്പ എടുക്കുന്നതിന് ഹാജരാക്കേണ്ട അനുബന്ധ രേഖകൾ സഹിതം പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പലിശ അടവിൽ വീഴ്ച വരുന്ന പക്ഷം നാദാപുരം ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് കെ. യു. ആർ ഡി. എഫ്. സി-ക്ക് നൽകുന്നതിനും , പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വെ നം 63/6 ൽ ഉൾപ്പെട്ട 21 ആർ, 46 സ്ക്വയർ മീറ്റർ ഭൂമി ഈടായി നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് സമ്മതമാണെന്ന് പരാമർശം (7) പ്രകാരം രേഖാമൂലം അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും , നാദാപുരം ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചുമാറ്റി പുതിയ **കെട്ടിടവും ബസ്ബേയുമടക്കം** നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് 13 കോടി രൂപ പരാമർശം (1) വ്യവസ്ഥകൾക്കനുസൃതമായി വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ. തിരുവനന്തപുരം

സെക്രട്ടറി, നാദാപുരം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ &പി.ആർ.ഡി

കരുതൽ ഫയൽ (ഡി.ബി1/326/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha J
സെക്ഷൻ ഓഫീസർ
Date: 24-10-2024 14:38:00